മലയാളം ന്യൂസ്
www.malayalamnewsdaily.com
സ്ഥാപകർ:
ഹിഷാം അലി ഹാഫിസ്, മുഹമ്മദ് അലി ഹാഫിസ്

Saudi Research & Publishing Company
Copyright by Saudi Research & Publishing Co. All Rights Reserved.

المجموعة السعودية للأبحاث والتسويق
SAUDI RESEARCH & MARKETING GROUP
SRMG P.O.Box 53108 Riyadh 11583 - K.S.A
Tel: +96614418060 - Fax: +96614419569

അഹമ്മദ് ബിൻ സൽമാൻ ബിൻ അബ്ദുൽ അസീസ് രാജകുമാരൻ
1987 ൽ സ്ഥാപിച്ചത്

എഡിറ്റർ-ഇൻ-ചീഫ്:
താരിഖ് മിശ്ഖസ്

കാലികം |

ഇന്ത്യയിലെ ചരിത്രത്തിലെ രണ്ട് കരിനിയമങ്ങളാണ് റൗലത്ത് ആക്ടും പൗരത്വ നിയമഭേദഗതിയും. ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ പ്രവർത്തിക്കുന്നുവെന്ന് സംശയം തോന്നുന്ന ആരെയും വിചാരണ ഇല്ലാതെ തടവിൽ വെക്കാനായിരുന്നു റൗലത്ത് ആക്ട്.

– ഊർമിള മണ്ഡോദ്കർ

ആരാണിവിടെ ഗവർണറെ ഭയപ്പെടുന്നത്?

ശേഷം വഴിയേ...

അപ്പുക്കുട്ടൻ വള്ളിക്കുന്ന്

ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ തിരിച്ചുവിളിക്കണമെന്ന പ്രതിപക്ഷ പ്രമേയം സർക്കാർ അനുവദിക്കില്ലെന്ന് നേരത്തെ വ്യക്തമായിരുന്നു. വെള്ളിയാഴ്ച നിയമസഭയുടെ കാര്യോപദേശക സമിതി യോഗത്തിൽ അതുതന്നെയാണ് സംഭവിച്ചത്. സ്പീക്കറുടെയും മുഖ്യമന്ത്രിയുടെയും വിശ്വാസ്യത നഷ്ടപ്പെടുന്ന ചർച്ചകളിലേക്കാണ് ഈ തീരുമാനം നയിക്കുക.

പ്രമേയം ചട്ടപ്രകാരമല്ലെന്നും സമ്മേളനത്തിൽ പ്രതിപക്ഷപ്രമേയം ചർച്ച ചെയ്യാൻ സമയക്കുറവുണ്ടെന്നും പറഞ്ഞാണ് പാർലമെന്ററികാര്യമന്ത്രി എ.കെ ബാലനും മുഖ്യമന്ത്രിയും പ്രതിപക്ഷ നീക്കത്തെ മുൻകൂട്ടി തടഞ്ഞത്. ഇതിലുള്ള പ്രതിഷേധം സഭയിൽ പ്രതിപക്ഷം പ്രകടിപ്പിക്കുന്നതോടെ സർക്കാർ കാത്തുസൂക്ഷിക്കുമെന്ന് അവകാശപ്പെടുന്ന സമ്മേളനസമയം ഏറെ നഷ്ടപ്പെടുമെന്നത് മറ്റൊരുകാര്യം.

പ്രതിപക്ഷ നേതാവ് ചെന്നിത്തല നോട്ടീസ് നൽകിയ പ്രമേയം ചട്ടപ്രകാരമാണെന്നും കീഴ്‌വഴക്കമുണ്ടെന്നും സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നേരത്തെ വ്യക്തമാക്കിയതാണ്. ക്രമത്തിലുള്ള പ്രമേയം ക്രമത്തിലല്ലെന്നു പറഞ്ഞ് കാര്യോപദേശക സമിതി തള്ളിക്കളയുന്നത് ഫലത്തിൽ സ്പീക്കറുടെ റൂളിംഗിനെ മുഖ്യമന്ത്രി തള്ളിക്കളയുന്നതിനു തുല്യമാണ്.

സഭാചട്ടങ്ങളനുസരിച്ച് നിഷ്പക്ഷമായി പ്രവർത്തിക്കേണ്ട സ്പീക്കർ സർക്കാറിന്റെ അഥവാ മുഖ്യമന്ത്രിയുടെ നിലപാടിന് കീഴ്‌പ്പെടുന്നതാണ് ചട്ടപ്രകാരമല്ല പ്രമേയമെന്നു പറഞ്ഞ് തടയുന്നതിലൂടെ സംഭവിക്കുന്നത്. പൗരാവകാശ പ്രശ്നത്തിൽ ഏകകണ്ഠമായി സഭ പ്രമേയം അംഗീകരിച്ചത് ഭരണഘടനാ വിരുദ്ധമെന്നു മാത്രമല്ല ക്രിമിനൽ ശക്തികളുടെ ബാഹ്യ ഇടപെടലിനെ തുടർന്നാണെന്നുപോലും ഗവർണർ കുറ്റപ്പെടുത്തിയിരുന്നു.

ഭരണത്തലവനായ ഗവർണർ നിയമനിർമ്മാണസഭയെ അധിക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്ത അസാധാരണ സാഹചര്യം. അതിനെ അപലപിക്കുന്ന പ്രമേയം സഭാ നേതാവെന്ന നിലയിൽ മുഖ്യമന്ത്രിതന്നെ കൊണ്ടുവരേണ്ടതായിരുന്നു. തിരിച്ചുവിളിക്കണമെന്ന് ആവശ്യപ്പെടുന്നില്ലെങ്കിൽ പോലും. അത് ഗവർണറുമായുള്ള ഏറ്റുമുട്ടലായി സ്വയം കാണുന്നതുകൊണ്ടാണ് സർക്കാറിന് സഭയുടെ അന്തസ് ഉയർത്തിപ്പിടിക്കാൻ കഴിയാത്തതും പ്രതിപക്ഷ പ്രമേയത്തെ സാങ്കേതികത്വം പറഞ്ഞ് നിരാകരിക്കുന്നതിന് സ്പീക്കർക്കുപോലും കൂട്ടുനിൽക്കേണ്ടി വരുന്നതും.

ഗവർണറെ പിൻവലിക്കാൻ രാഷ്ട്രപതിയോട് ആവശ്യപ്പെടുന്ന പ്രതിപക്ഷ നേതാവിന്റെ പ്രമേയം ഭേദഗതിയിലൂടെ മയപ്പെടുത്തി പ്രതിപക്ഷവും ഭരണപക്ഷവും യോജിപ്പോടെ നിന്നിരുന്നെങ്കിൽ നിയമസഭയുടെ അന്തസ് സംരക്ഷിക്കാൻ കഴിയുമായിരുന്നു. ഗവർണർ സ്വന്തം നിലപാടിൽ ഉറച്ചു നിൽക്കുന്നതും മുഖ്യമന്ത്രി അതിനു സഹായകമാംവിധം സ്വയം വിട്ടുവീഴ്ച ചെയ്യുന്നതുമാണ് നയപ്രഖ്യാപന പ്രസംഗം സംബന്ധിച്ച തർക്കംതൊട്ട് യഥാർത്ഥത്തിൽ കാണുന്നത്.

പൗരത്വഭേദഗതി നിയമത്തിന്റെ കാര്യത്തിൽ ഇരയ്ക്കൊപ്പം ഓടുകയും വേട്ടക്കാരനൊപ്പം നിൽക്കുകയും ചെയ്യുന്ന നിലപാടാണ് ഇടതുപക്ഷ - ജനാധിപത്യമുന്നണി സർക്കാറിന്റേത്. അങ്ങനെ വിശ്വസിക്കാൻ ജനങ്ങളെ നിർബന്ധിതമാക്കുന്ന നിലപാടാണ് നയപ്രഖ്യാപന പ്രസംഗത്തിലും ഗവർണർക്കെതിരായ പ്രമേയത്തിന്റെ കാര്യത്തിലും സർക്കാർ സ്വീകരിച്ചത്. പൗരത്വ ഭേദഗതി നിയമം പിൻവലിക്കണമെന്ന സഭാപ്രമേയവും സുപ്രീംകോടതിയിൽ നൽകിയ ഹരജി സംബന്ധിച്ച നയപ്രഖ്യാപന പ്രസംഗത്തിലെ പരാമർശങ്ങളും ഭരണഘടനാ വിരുദ്ധമാണെന്ന നിലപാടാണ് ഗവർണറുടേത്. എന്നിട്ടും ഗവർണർ എതിർക്കുന്ന സർക്കാർ നയം ഗവർണറെക്കൊണ്ട് സഭയിൽ വായിപ്പിച്ചു എന്നാണ് സർക്കാറും ഭരണകക്ഷികളും അവകാശപ്പെടുന്നത്. അത് അർദ്ധസത്യമാണെങ്കിലും. വിവാദ ഖണ്ഡിക വായിക്കണമെന്ന് ബഹു. മുഖ്യമന്ത്രി തന്നോട് ആവശ്യപ്പെട്ടെന്നും അത് സർക്കാറിന്റെ കാഴ്ചപ്പാടായി മുഖ്യമന്ത്രി അയച്ച കത്തിൽ വിശദീകരിച്ചെന്നും പറഞ്ഞാണ് ആ ഭാഗം ഗവർണർ സഭയിൽ വായിച്ചത്.

പൗരത്വ ഭേദഗതി നിയമത്തെ നയപ്രശ്നമെന്ന നിലയിലാണ് സർക്കാർ കോടതിയിലും നിയമസഭാ പ്രമേയത്തിലും കൈകാര്യംചെയ്തത്. പക്ഷെ, അത് സർക്കാറിന്റെ കാഴ്ചപ്പാടാണെന്ന് വിശദീകരിച്ച് കത്തെഴുതി ഗവർണറെ സഹായിക്കുകയാണ് മുഖ്യമന്ത്രി പിണറായി വിജയൻ ചെയ്തത്. ഗവർണർക്കയച്ച കത്തിൽനിന്നും ഗവർണർ സഭയിൽ വെളിപ്പെടുത്തിയതിൽനിന്നും അതു വ്യക്തമാണ്.

ഗവർണറെ പിൻവലിക്കണമെന്നാവശ്യപ്പെടുന്ന പ്രതിപക്ഷ നേതാവിന്റെ പ്രമേയത്തിന് നോട്ടീസ് ലഭിക്കുകയും അതു ചട്ടപ്രകാരമാണെന്ന് സ്പീക്കർ നിലപാട് അറിയിക്കുകയും ചെയ്ത ശേഷമാണ് ഗവർണറും സർക്കാറും നിലപാട് മാറ്റിയത്. പ്രമേയം സഭയിൽ വന്നാൽ കയ്ച്ചിട്ടു തുപ്പാനും മധുരിച്ചിട്ട് ഇറക്കാനും വയ്യാത്ത സ്ഥിതിയിലാകും മുഖ്യമന്ത്രിയും ഭരണപക്ഷവും. ഗവർണറെ പ്രതിപക്ഷ പിന്തുണയോടെ നീക്കാൻ ശ്രമിക്കുന്നത് സർക്കാറിന് ദോഷംചെയ്യുമെന്ന് മുഖ്യമന്ത്രി കരുതുന്നു. ഈ രാഷ്ട്രീയ പ്രതിസന്ധിയിൽനിന്ന് തലയൂരുകയാണ് മുഖ്യമന്ത്രിയും ഭരണമുന്നണിയും ചെയ്തത്. അതിന് സത്യസന്ധമല്ലാത്ത കാരണം പറഞ്ഞ് വളഞ്ഞവഴി സ്വീകരിക്കുന്നുവെന്നുമാത്രം.

പൗരത്വഭേദഗതി നിയമത്തിനെതിരായി രാജ്യമാകെ ശ്രദ്ധിച്ചതായിരുന്നു കേരളത്തിന്റെ പോരാട്ടം. ഭരണപക്ഷവും പ്രതിപക്ഷവും ഉയർത്തിക്കൊണ്ടുവന്ന യോജിപ്പ് തകർക്കുന്നതാണ് ഈ നീക്കം. ഒരിക്കലും സ്വീകരിക്കാൻ പാടില്ലാത്ത നിലപാടെടുത്ത ഗവർണറുമായി സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും പാലം ഉറപ്പിക്കാൻ ഇപ്പോൾ മുഖ്യമന്ത്രിക്കു കഴിഞ്ഞു. നരേന്ദ്രമോഡി സർക്കാറും പിണറായി സർക്കാറും തമ്മിൽ ഒരു അന്തർധാരയുണ്ടെന്നും അതിനെ ബന്ധിപ്പിക്കുന്ന പാലമാണ് ഗവർണർ ആരിഫ് മുഹമ്മദ് ഖാനെന്നും പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയെ ഒറ്റതിരിഞ്ഞാക്രമിക്കാൻ ഇതിടയാക്കി. ലാവ്‌ലിൻ കേസിൽനിന്ന് രക്ഷപ്പെടാൻ ഗവർണർവഴി ബി.ജെ.പി സഹായം തേടുകയാണെന്നുപോലും കുറ്റപ്പെടുത്തി.

നയപ്രഖ്യാപന പ്രസംഗത്തിൽ ചില ഭാഗങ്ങൾ വായിക്കാതെ വിട്ടതുകൊണ്ട് പ്രസംഗത്തിന്റെ പൂർണ്ണരൂപം സഭയുടെ രേഖയിൽ ഇല്ലാതാകുകയോ ഭരണഘടനാ പ്രശ്നമാകുകയോ ചെയ്യുന്നില്ല. കേരള നിയമസഭയിൽ അഞ്ചുതവണ പ്രസംഗഭാഗങ്ങൾ ഗവർണർ ഒഴിവാക്കിയ ചരിത്രമുണ്ടെന്നിരിക്കെ. പക്ഷെ, സഭ പാസാക്കുന്ന ബില്ലുകൾ ഗവർണർ തടഞ്ഞുവെക്കുമെന്നതടക്കം ഭരണപ്രതിസന്ധി ഒഴിവാക്കാൻ സർക്കാർ ആഗ്രഹിക്കുന്നു. നിയമസഭയിൽ ഭരണപക്ഷവും പ്രതിപക്ഷവും ശത്രുതാപരമായി പരസ്പരം ഏറ്റുമുട്ടുന്നതിന് ഗവർണറെ സംബന്ധിച്ച പ്രമേയം വരും ദിവസങ്ങളിൽ കാരണമാകുകയും ചെയ്യും. പൗരത്വ നിയമപ്രശ്നത്തിൽ കേരളത്തിൽ ഭരണ- പ്രതിപക്ഷ ഐക്യത്തിനെതിരെ ബി.ജെ.പിക്കു ചെയ്യാൻ കഴിയാഞ്ഞതു ഗവർണർ ചെയ്തുകൊടുത്തിരിക്കുന്നു.

കേന്ദ്രത്തിൽ രാഷ്ട്രപതിയായാലും സംസ്ഥാനങ്ങളിൽ ഗവർണർമാരായാലും ജനങ്ങൾ തെരഞ്ഞെടുത്ത, അവരോട് നേരിട്ട് ഉത്തരവാദിത്വമുള്ള മന്ത്രിസഭയുടെ ഉപദേശത്തിനനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്ന വ്യവസ്ഥ ഇന്ത്യ റിപ്പബ്ലിക്കായ ആദ്യവർഷംതന്നെ നിയമോപദേശം തേടി ഭരണഘടനാപരമായി ഉറപ്പിച്ചതാണ്. തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിന്റെ നയങ്ങൾക്കും തീരുമാനങ്ങൾക്കുമെതിരെ രാഷ്ട്രപതിയും ഗവർണർമാരും നിലപാടെടുത്തുകൂടെന്നും വിമർശിച്ചുകൂടെന്നും രാഷ്ട്രപതി രാജേന്ദ്രപ്രസാദും നെഹ്റു സർക്കാറും തമ്മിലുള്ള തർക്കത്തിൽ കൃത്യമായി നിലപാടെടുത്തിട്ടുള്ളതാണ്.

ഭരണഘടനാപരമായി ഏഴു പതിറ്റാണ്ടോളം അംഗീകരിക്കപ്പെട്ട (ലംഘന പ്രവണതകൾ ഉണ്ടായാലും) ആ പെരുമാറ്റച്ചട്ട ലംഘനമാണ് സംസ്ഥാനത്ത് ചുമതലയേറ്റെടുത്തതുമുതൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ചെയ്തുകൊണ്ടിരിക്കുന്നത്. ഹിന്ദു കോഡ് ബില്ലിനെതിരെ രാഷ്ട്രപതി രാജേന്ദ്രപ്രസാദ് നടത്തിയ നീക്കം ഇതിന്റെ ഭാഗമായിരുന്നു. പ്രധാനമന്ത്രി ബില്ലുമായി മുന്നോട്ടു പോകുകയാണെങ്കിൽ പാർലമെന്റിനെ അഭിസംബോധന ചെയ്യാനുള്ള ഭരണഘടനാപരമായ അധികാരം താൻ പ്രയോഗിക്കുമെന്നുപോലും രാഷ്ട്രപതി പറയുകയുണ്ടായി. നെഹ്റു വഴങ്ങിയില്ല.

മന്ത്രിസഭയുടെ ഉപദേശമനുസരിച്ചു മാത്രമേ രാഷ്ട്രപതി പ്രവർത്തിച്ചുകൂടൂ എന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്നുപോലും 1960ൽ ഇന്ത്യൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തറക്കല്ലിടൽ ചടങ്ങിൽ പ്രസംഗിക്കവെ രാജേന്ദ്രപ്രസാദ് വീണ്ടും വിവാദമുയർത്തി. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന ബി.പി സിൻഹ വഴി പ്രധാനമന്ത്രി നെഹ്റു രാഷ്ട്രപതിയുടെ ആ പ്രസംഗം വിതരണം ചെയ്യുന്നത് തടയുകയാണ് ചെയ്തത്. നേരത്തെ സംസ്ഥാനത്ത് ഭരണത്തിലിരിക്കുമ്പോഴും പ്രതിപക്ഷത്താകുമ്പോഴും ഫെഡറൽ അധികാരങ്ങൾക്കുവേണ്ടി നിലകൊള്ളുകയും അതിനെതിരായ കേന്ദ്ര സർക്കാറിന്റെയും അവരുടെ താൽപര്യം നടപ്പാക്കാൻ നിയോഗിക്കപ്പെട്ട ഗവർണർമാരുടെയും നിലപാടുകളെ ചോദ്യംചെയ്തും പോന്ന ചരിത്രമാണ് കമ്മ്യൂണിസ്റ്റു പാർട്ടിയുടേത്. അധികാരത്തിലിരുന്ന് ഫെഡറൽ നിലപാടുകളിൽ വിട്ടുവീഴ്ച ചെയ്യുകയും ഗവർണർ കേന്ദ്ര സർക്കാറിന്റെ പിൻബലത്തിൽ നടത്തുന്ന ഭരണഘടനാ വിരുദ്ധ നീക്കങ്ങളെ നേരിടാൻ സങ്കോചപ്പെടുകയും ചെയ്യുന്ന മുഖ്യമന്ത്രിയെയാണ് ഇപ്പോൾ കേരളം കാണുന്നത്. എന്നിട്ടും സർക്കാർ വക്താക്കൾ കുറ്റപ്പെടുത്തുന്നത് പ്രതിപക്ഷത്തെയാണ്. ഗവർണറും സംസ്ഥാന സർക്കാറും തമ്മിലുള്ള ബന്ധം തകർത്ത് രാഷ്ട്രീയ നേട്ടമുണ്ടാക്കാനാണ് യു.ഡി.എഫ് ശ്രമിക്കുന്നതെന്ന്. ഇടതുപക്ഷം സ്വീകരിച്ചുപോന്ന മുൻ നിലപാടുകൾ മറന്നാണ് ഈ നിലപാടെടുക്കുന്നത്. ഭരണപക്ഷം സ്വീകരിക്കുന്ന നിലപാടിന്റെ വൈരുദ്ധ്യം പ്രതിപക്ഷം തുറന്നുകാട്ടുന്നതും രാഷ്ട്രീയ മുതലെടുപ്പു നടത്തുമെന്നതും സ്വാഭാവികം. കേരളത്തിലേക്കു നോക്കി ഇപ്പോൾ സന്തോഷിക്കുന്നത് നരേന്ദ്രമോഡിയും അമിത് ഷായും.



റവന്യൂ വകുപ്പിനെ ധനകാര്യ വകുപ്പ് ഞെരുക്കുന്നുവെന്ന ആരോപണത്തെ മുൻനിറുത്തി സി.പി.ഐ സർവീസ് സംഘടന ഫെബ്രുവരി 19 മുതൽ സമരത്തിലേക്ക്.

ബി.ജെ.പി ഇന്ത്യയെ നയിക്കുന്നത് എങ്ങോട്ട്?

■ **മുസ്തഫ വാക്കാലൂർ, ജിദ്ദ**

ദൽഹിയിൽ ഈ മാസം എട്ടിന് സംസ്ഥാന തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. പ്രചാരണം മൂർധന്യത്തിലാണ്. ഇന്നുവരെ കാണാത്ത നീച പ്രയോഗങ്ങളാണ് പാർട്ടിയും മന്ത്രിമാരും ജനപ്രതിനിധികളും പ്രയോഗിക്കുന്നത്. എങ്ങിനെയും വിജയം കൊയ്യുകയെന്ന ലക്ഷ്യമാണ് ബിജെപിക്ക്. അതോടൊപ്പം, രാജ്യത്തെ ഭൂരിപക്ഷത്തെ ന്യൂനപക്ഷവുമായി എന്നെന്നേക്കും അകറ്റുകയും. ജനാധിപത്യത്തിന്റെ അന്ത്യമാണോ ഇന്ത്യയിൽ സംഭവിക്കുന്നത്?

ഇന്ത്യയും പാക്കിസ്ഥാനുമുള്ള യുദ്ധമാണ് ഈ തെരഞ്ഞെടുപ്പെന്നും 'കടുത്ത കോപത്തോടെ വോട്ട് ബട്ടൺ അമർത്തുക, അങ്ങനെ ഷഹീൻ ബാഗിന് വൈദ്യുത പ്രവാഹം അനുഭവപ്പെടട്ടെ' എന്നാണ് അമിത്ഷാ പ്രസംഗിച്ചത്. ഈ രാജ്യദ്രോഹികളെ കൊല്ലുകയെന്ന് മറ്റൊരു കേന്ദ്ര മന്ത്രി അനുരാഗ് താക്കൂർ പ്രസംഗിച്ചപ്പോൾ പടിഞ്ഞാറൻ ദൽഹിയുടെ എം.പിയായ പർവേസ് വർമ്മ പറഞ്ഞത് ഷഹീൻ ബാഗിലെ ഈ ജനം നിങ്ങളുടെ വീടുകളിലേക്ക് ഇരച്ചു കയറുമെന്നും നിങ്ങളുടെ സ്ത്രീകളെ ബലാത്സംഗം ചെയ്യുകയും കൊല്ലുമെന്നുമാണ്. പർവേസ് വർമ്മ അതിഗുരുതരമായ ആരോപണങ്ങളാണ് മുസ്‌ലിംകൾക്ക് നേരെയുയർത്തുന്നത്.

ഫെബ്രുവരി 11ന് ബിജെപി അധികാരത്തിൽ വന്നാൽ ഒരു മണിക്കൂർ കൊണ്ട് ഷഹീൻ ബാഗ് ഒഴിപ്പിക്കുമെന്നും, ദൽഹിയിൽ പൊതുസ്ഥലം കയ്യേറി പണിത അറുപതോളം പള്ളികളും മദ്രസകളും ഇടിച്ചുനിരത്തുമെന്നും മറ്റുമാണ് തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ പ്രസംഗിക്കുന്നത്.

മുസ്‌ലിംകളെ രാജ്യദ്രോഹികളും പാക്കിസ്ഥാനികളുമായി മുദ്ര കുത്തി ഒറ്റപ്പെടുത്തി തെരഞ്ഞെടുപ്പിൽ വിജയം കൊയ്യുകയെന്നത് 2013 മുതൽ ബിജെപി രാജ്യവ്യാപകമായി പയറ്റുന്ന തന്ത്രമാണ്. മുസ്‌ലിംകൾ ഉള്ളിടത്തൊക്കെ അവർക്ക് ഈ തന്ത്രം പ്രയോഗിക്കാനും തെരഞ്ഞെടുപ്പിൽ വിജയിക്കാനും സാധിക്കുന്നുണ്ട്. പറയുന്നതിൽ വാസ്തവത്തിന്റെ തരിമ്പും വേണമെന്നില്ല. പ്രചാരണത്തിന്റെ ഗീബൽസിയൻ തന്ത്രമാണ് കള്ളത്തെ സത്യമാക്കുന്നത്. 2017ൽ ഗുജറാത്ത് സംസ്ഥാന തെരഞ്ഞെടുപ്പിൽ പരാജയപ്പെടുമെന്ന് തോന്നിയപ്പോൾ പോളിങ്ങിന്റെ തൊട്ടുമുമ്പ് മോഡി ഒരു തുറുപ്പുചീട്ടിറക്കി. മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗും അന്നത്തെ ഉപരാഷ്ട്രപതി ഹാമിദ് അൻസാരിയും വിരമിച്ച ഒരു പട്ടാള മേധാവിയും കൂടി പാക്കിസ്ഥാനുമായി ചേർന്ന് മോഡിയെ പരാജയപ്പെടുത്താൻ ഗൂഢാലോചന നടത്തിയെന്നാണ് പ്രസംഗിച്ചത്. അപരവൽക്കരണത്തിന്റെയും വിദ്വേഷത്തിന്റെയും ഒന്നാംതരം ചേരുവ. തെരഞ്ഞെടുപ്പ് ജയിക്കുകയും ചെയ്തു.

വിമോചനവും അതിദേശീയതയും രാജ്യ സുരക്ഷയും അണപൊട്ടി ഒഴുകുന്നത് ഓരോ വാക്കിലും നോക്കിലും സൃഷ്ടിച്ചെടുക്കാനുള്ള വൈദഗ്ധ്യമാണ് ഫാസിസത്തിന്റെ വജ്രായുധങ്ങൾ. ആവർത്തിക്കുന്ന ഇത്തരം കള്ളങ്ങളും തെരഞ്ഞെടുപ്പിന് മുമ്പ് നടത്തപ്പെടുന്ന ഭീകരാക്രമണങ്ങളും ബിജെപിയെ വിജയിപ്പിച്ചെടുക്കുന്നതിൽ നിർണ്ണായകമായി വർത്തിക്കുന്നുണ്ട്. ദേശീയ തെരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പാണ് പുൽവാമയിൽ നാൽപത് ജവാന്മാർ കൊല്ലപ്പെട്ടത്. 300-400 കിലോ ആർ ഡി എക്സ് നിറച്ച ലോറിയുമായി ഇന്ത്യൻ പട്ടാളവ്യൂഹത്തെ ആക്രമിച്ചത് വോട്ടാക്കി മാറ്റുന്നതാണ് പിന്നീട് കണ്ടത്. 2001ൽ മോഡിയെ ഗുജറാത്തിൽ അവരോധിച്ചത് കേശുഭായ് പട്ടേലിന് പകരക്കാരനായിട്ടാണ്. മുഖ്യമന്ത്രിക്ക് ഉപതെരെഞ്ഞെടുപ്പിലൂടെ ജയിച്ച് എം.എൽ.എ ആകണമായിരുന്നു. മൂന്ന് മണ്ഡലങ്ങളിലേക്കായി നടന്ന ഉപതെരെഞ്ഞെടുപ്പിൽ ബിജെപിയുടെ രണ്ട് സിറ്റിംഗ് സീറ്റുകൾ നഷ്ടപ്പെട്ടു. മോഡി ജയിച്ചതാവട്ടെ ഒട്ടും തിളക്കമില്ലാത്ത ഭൂരിപക്ഷത്തിനും. 2002 ലെ സംസ്ഥാന പൊതുതെരഞ്ഞെടുപ്പിൽ സംഭവിക്കാൻ പോകുന്നതെന്തെന്ന ഏകദേശ ചിത്രം മോഡിക്ക് മനസ്സിലായി. അത് മറികടക്കാനായിരുന്നു സബർമതി എക്സ്പ്രസ്സിലെ ദുരന്തം.

ഗോധ്രയുടെ പ്രതികാരമെന്നോണം ഗുജറാത്തിലെ മുസ്ലിംകളെ മുഴുവൻ ഒറ്റയടിക്ക് മോഡിയും അമിത്ഷായും പ്രവീൺ തൊഗാഡിയയും ഗോർഡൻ സദാഫിയയും ചേർന്ന് കൂട്ടക്കൊലക്കും കൂട്ടപലായനത്തിനും വിധേയമാക്കി. പിന്നീട് മൂന്ന് തവണ മോഡി മുഖ്യമന്ത്രി പദത്തിൽ തുടർന്നു. ഗുജറാത്ത് മുസ്‌ലിംകൾ പാർശ്വവൽക്കരിക്കപ്പെട്ടു. ഈ മാതൃക ഇന്ത്യ മൊത്തം അനുവർത്തിക്കാനാണ് മോഡിയെ പ്രധാനമന്ത്രിയാക്കിയത് ആർഎസ്എസ്.

അറുപത് വയസ്സ് പിന്നിട്ട ശരീഖ് അൻസാറുള്ളയാണ് ഷെഹീൻ ബാഗ് കോളനിക്ക് ആ പേര് നൽകിയത്. 31 വർഷങ്ങൾക്ക് ശേഷം ആ പേരിങ്ങനെ അന്വർത്ഥമാകുമെന്ന് ഒരിക്കലും അൻസാറുള്ള പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. അല്ലാമാ ഇഖ്ബാലിന്റെ ബാലെ ജിബ്‌രീൽ എന്ന കാവ്യത്തിൽനിന്ന് സ്വതബോധമുൾക്കൊണ്ടാണ് 1979ൽ ഷഹീൻ ബാഗ് എന്ന പേര് നൽകിയത്. 'തൂ ഷെഹീൻ ഹെ, പർവാസ് ഹൈ കാം തേരാ / തേര സാമ്നെ ആസ്മാൻ ഔർ ബീ ഹൈ' (നീ രാജാളിപ്പക്ഷിയാണ്, ആകാശം കീഴടക്കുകയാണ് നിന്റെ ധർമ്മം. നിന്റെമുമ്പിൽ ഇനിയുമേറെ ആകാശങ്ങളുണ്ട് കീഴ്പ്പെടുത്താൻ). ഈ കോളനിയിലെ ജനങ്ങൾ, വിശിഷ്യ സ്ത്രീജനം, ഇന്ന് രാജ്യത്തിന്റെയാകെ അഭിമാനമാണ്. അഹിംസയിലും സത്യഗ്രഹത്തിലും അധിഷ്ഠിതമായ സമരമാണ് അവർ നടത്തുന്നത്. ദിവസങ്ങൾ ആഴ്ചകൾക്കും ആഴ്ചകൾ മാസങ്ങൾക്കും വഴിമാറിയിട്ടും കെടാത്ത ആവേശം രാജാളിപ്പക്ഷിയെത്തന്നെയാണ് ഓർമ്മിപ്പിക്കുന്നത്. ഇഖ്ബാലിന്റെ തന്നെ 'സാരേ ജഹാൻസെ അച്ഛാ/ഹിന്ദുസ്ഥാൻ ഹമാരാ' എന്ന കാഹളധ്വനിയാണ് എങ്ങും മുഴങ്ങുന്നതും.

കഴിഞ്ഞയാഴ്ച ലോകം ശ്രദ്ധിച്ചത് ഷെഹീൻ ബാഗിലെ റിപ്പബ്ലിക്ക് ദിനാഘോഷമായിരുന്നു. അടിച്ചമർത്തപ്പെടുന്നവരെല്ലാം ഒരുമിച്ച് പഠിക്കുകയും സംഘടിക്കുകയും പോരാടുകയും ചെയ്യേണ്ടകാലം ആഗതമായിരിക്കുന്നുവെന്നാണ് ഷെഹീൻ ബാഗിൽനിന്ന് പഠിക്കേണ്ട പാഠം.

ഇന്ത്യ എല്ലാവരുടേതുമാണ്. ഇന്ത്യ ലോകത്തിന്റെ പ്രതീക്ഷയാണ്.

'ഭീരു നിരന്തരം മരിക്കുന്നു,
ധീരൻ ഒരിക്കൽ മരിക്കുന്നു.
ഭീരു മണ്ണടിയുന്നനന്തം,
ധീരൻ ഉയിർത്തെഴുന്നേൽക്കുന്നു.'

തോക്കു ചൂണ്ടി ആ ഭീകരൻ 'നിനക്കൊക്കെ ആസാദി തരാൻ പോകുന്നു' എന്നു പറഞ്ഞിട്ടും മാർച്ച് മുന്നോട്ടും അവൻ പിന്നോട്ടുമാണ് നടക്കുന്നത്, വീഡിയോയിൽ. അവന്റെ മുഖത്താണു ഭയം. പിന്നിൽ ഒരു സംഘം പോലീസ് കൈ കെട്ടി നിൽക്കുന്നുണ്ടായിരുന്നു. എന്നിട്ടും അവൻ പിറകോട്ടും മാർച്ച് മുന്നോട്ടും ആയിരുന്നു. അവൻ ഓരോ തവണ തോക്കു ചൂണ്ടുമ്പോഴും കൈ വിറയ്ക്കുന്നുണ്ടായിരുന്നു. അപ്പോഴും മാർച്ച് മുന്നോട്ടു തന്നെ, നിർഭയം. അതാണ് നിലപാടിലെ ഉറപ്പ്... കർത്തവ്യബോധം.

'വയ്ക്കെടാ ഭീരുവേ, വെടി! നിനക്കൊരു മനുഷ്യനെ മാത്രമേ കൊല്ലാൻ കഴിയൂ..' ചെഗുവേര

ശിവപ്രസാദ്

ഇന്ത്യൻ ജനാധിപത്യത്തിലെ അലങ്കാര മത്സ്യങ്ങൾ

■ **കാരൂർ സോമൻ, ലണ്ടൻ**

കേരള നിയമസഭയിലും പുറത്തും നടക്കുന്ന പൊറാട്ട് നാടകങ്ങൾ ലോക മലയാളികൾ ആശങ്കയോടെയാണ് കാണുന്നത്. ആരാണ് അപഹാസ്യ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ മിടുക്കർ എന്നതും പ്രേക്ഷകർ കണ്ടുകൊണ്ടിരിക്കുന്നു. സി.പി.എം മാത്രമല്ല ഇന്ത്യയിലെ ഭൂരിഭാഗമാളുകളും പറയുന്നത് ഈ ഗവർണർ പദവി ഒരു ബാധ്യതയാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരുള്ളപ്പോൾ പാവങ്ങളുടെ നികുതി പണം എന്തിനിങ്ങനെ ചെലവഴിക്കണം? ബ്രിട്ടീഷുകാർ ആകർഷകങ്ങളായ ധാരാളം അലങ്കാര മത്സ്യങ്ങളെ നമുക്ക് തന്നിട്ടാണ് മടങ്ങിയത്. അത് ഗവർണർ പദവിയിൽ മാത്രം ചുരുക്കരുത്. കുറച്ചുകൂടി വിശാലമായി പറഞ്ഞാൽ ഒരു ഗവർണറെ മാറ്റുന്നതിനെക്കാൾ ഇന്ത്യയിലുള്ള ജംബോ മന്ത്രിസഭകളെ പിരിച്ചു വിട്ട് സംസ്ഥാനത്തിന്റെ പരമാധികാരം ഒരു ഗവർണർക്ക് കൊടുത്തിട്ട് ഓരോ ജില്ലകൾ ഭരിക്കാൻ കലക്ടർമാർ പോരായോ? അങ്ങനെയുണ്ടായാൽ പാവങ്ങളുടെ നികുതി പണം ധൂർത്തടിച്ചു കളയാതിരിക്കുക മാത്രമല്ല അഴിമതിയും സ്വജനപക്ഷവാദവും, അനീതിയും ദാരിദ്ര്യവും മാറി രാജ്യം പുരോഗതിയിലേക്ക് ഉയരുക തന്നെ ചെയ്യും.

എഴുപതു വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്ത്യയിലെ ദാരിദ്ര്യവും പട്ടിണിയും തൊഴിലില്ലായ്മയും തുടച്ചു മാറ്റാൻ കഴിയാത്ത വ്യവസ്ഥിതി ഇങ്ങനെ എന്തിന് തുടരണം? യുവജനങ്ങൾ ഇത് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. അലങ്കാര മത്സ്യങ്ങളെ ചില്ലിലടച്ചു സൂക്ഷിക്കുന്നതുപോലെ ഇവരെ പോലീസ് വലയത്തിൽ സൂക്ഷിക്കുന്നത് ആർക്കുവേണ്ടി?

വികസനത്തിൽ ഇന്ത്യൻ ജനാധിപത്യം കുറെ സമ്പന്നന്മാരെ വളർത്തി വലുതാക്കി നമുക്ക് തന്നു. അവരൊക്കെ തെരഞ്ഞെടുപ്പുകളിൽ കോടികളാണ് മുടക്കുന്നത്? ആർക്ക് വേണ്ടി? എന്തിന് വേണ്ടി? ഇന്ത്യൻ ഭരണഘടന പൊളിച്ചെഴുതാൻ കാലമായിരിക്കെ അധികാരമെന്ന ആനന്ദസാഗരത്തിൽ മുങ്ങിക്കുളിക്കുന്ന ഈ അലങ്കാരമത്സ്യങ്ങളെക്കൂടിഉൾപ്പെടുത്താവുന്നതാണ്. ആനയുടെ പിറകെ കുട്ടികൾ പോകുന്നതുപോലെയാണ് പാവങ്ങൾ മാത്രമല്ല കലാ സാംസ്കാരിക കായിക രംഗത്തുള്ളവരും തിരുവായ്ക്കെതിർ വായില്ലെന്ന ഭാവത്തിൽ ഓച്ഛാനിച്ചു നിൽക്കുന്നത്. ഒന്ന് നിന്നുകൊടുത്താൽ മതി മധുരം ഇരട്ടിയാണ്. ഇത് കേരളം മാത്രമല്ല ഇന്ത്യയാകെ അനുഭവിക്കുന്ന ദുരവസ്ഥയാണ്. എല്ലാം കണ്ണടച്ച് ഇരുട്ടാക്കുന്നവർ.

സർക്കാർ തെറ്റ് ചെയ്താൽ തിരുത്തേണ്ടത് ഗവർണറുടെ ചുമതലയാണ്. നിയമപരമായി കടലാസിന്റെ വിലയില്ലാത്ത ഒരു പ്രമേയത്തിൽ കഥാപാത്രങ്ങളായത് ജനങ്ങൾ മാത്രമല്ല 163-244 (2) റൂൾ 18 (3) 356 തുടങ്ങി ധാരാളം വകുപ്പുകളാണ്. ഒരു ഫോണിൽ, കത്തിൽ അല്ലെങ്കിൽ ഒരു കൂടിക്കാഴ്ചയിൽ തീരേണ്ട വിഷയത്തെ കാട്ടുതീപോലെയാണ് ലോകമെങ്ങും കത്തിച്ചുവിട്ടത്.

ആർക്കും പ്രതിഷേധിക്കാൻ അവകാശമുണ്ട്. പൗരത്വ നിയമത്തിനെതിരായ പോരാട്ടത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും ഒന്നായി നിന്നത് രാജ്യത്തിന് മാതൃകയായി. ഗവർണർ എതിർപ്പുകളൊന്നും കൂടാതെ സർക്കാരിന്റെ നയപ്രഖ്യാപനം വായിച്ചതും നന്ന്.

ഗവർണർ നിയമസഭയിൽ വായിച്ച നയപ്രഖ്യാപനത്തിൽ ഒരു മാറ്റവും വരുത്തിയില്ല. ഏതാനും ആഴ്ചകളായി അദ്ദേഹവും സർക്കാരും നടത്തിക്കൊണ്ടിരുന്ന പരസ്യവിവാദങ്ങൾ എത്ര വേഗത്തിലാണ് കെട്ടടങ്ങിയത്. ഈ വിവാദങ്ങൾ സജീവമായി നിലനിർത്തിയത് എന്തിനാണ്? ഇതിലൂടെ മുട്ടുമടക്കിയത് ആരാണ്? പറഞ്ഞതെല്ലാം വെറും പാഴ്‌വാക്കുകളോ? ബി.ജെ.പി.

മുന്നോട്ട് വെച്ച പൗരത്വ നിയമം കോടതിയുടെ മുന്നിലുള്ള കാര്യമാണ്. പരസ്പരം പോരടിച്ചതല്ലാതെ എന്ത് നേട്ടമാണ് കേരള ജനതക്കുണ്ടായത്? എല്ലാം വോട്ടിന് വേണ്ടിയെന്ന് തുറന്നു പറയുമോ? ഒന്നും നേടിയെടുക്കാതെ വിവാദങ്ങളുണ്ടാക്കിയവർ കേരള ജനതയോട് മാപ്പു പറയാൻ തയ്യാറാണോ?

കേരള നിയമ നിർമ്മാണസഭ 1957 മാർച്ച് 16 ന് നിലവിൽ വന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവ് 1888 ൽ തിരുവിതാംകൂറിൽ ആദ്യമായുണ്ടാക്കിയ നിയമനിർമ്മാണ സഭയാണ് പിന്നീട് കേരള നിയമസഭയായി മാറിയത്. ജനാധിപത്യത്തിൽ നിയമസഭകൾക്ക് പരമോന്നതസ്ഥാനമുള്ളതുപോലെ സംസ്ഥാനത്തിന്റെ പരമാധികാരി ഗവർണറാണ്. കേരള സംസ്ഥാനം ജന്മമെടുത്തതിന് ശേഷം 22 സർക്കാരുകളും 21 ഗവർണർമാരും കേരളം ഭരിച്ചു. ഇന്ത്യയിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ 1959 ജൂലൈ 31 ന് രാഷ്ട്രപതി വിമോചന സമരത്തിന്റെ പേരിൽ പിരിച്ചുവിട്ടു. അന്ന് കാണാത്ത ഒരു പോരാട്ട വീര്യമാണ് ഇപ്പോൾ എല്ലാം മാധ്യമങ്ങളിലും കണ്ടത്. ഒടുവിലത് പൊറാട്ട് നാടകമായി മാറുകയും ചെയ്തു. ഇതിനുള്ളിലെ ഗൂഢലക്ഷ്യം ലാവ്‌ലിൻ കേസെന്ന് പ്രതിപക്ഷം പറയുന്നു. ഇതിലൂടെ ജനത്തിന് നൽകുന്ന സന്ദേശമെന്താണ്? അധികാരികൾ കോടതികളെക്കൂടി കാൽചുവട്ടിലാക്കിയോ? കുറ്റവാളികളെ സൃഷ്ടിക്കുന്നതിൽ സർക്കാരുകൾക്ക് നല്ലൊരു പങ്കാണുള്ളതെന്ന് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നു. ഗുരുതരമായ കേസുകളിൽ അധികാരികൾ എന്തിനാണ് ഇടപെടുന്നത്? എന്തിനാണിവർ പ്രതിബന്ധം സൃഷ്ടിക്കുന്നത്? എതിർശബ്ദങ്ങളെ എന്തിന് ഭയക്കുന്നു? കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണം. അതിനല്ലേ ഒരു ജനപ്രിയ സർക്കാർ കൂട്ടുനിൽക്കേണ്ടത്?

കേരള രാഷ്ട്രീയം കൊണ്ടും കൊടുത്തും മുന്നോട്ട് പോകുന്നത് കാണുമ്പോൾ മൈതാനത്തെ പന്തുകളിപോലുണ്ട്. റഫറിമാരായി വരുന്നത് ഭരണപക്ഷവും പ്രതിപക്ഷവുമാണ്. കളിക്കാരായി വരുന്നത് ജാതി, മത, സമുദായ നേതാക്കന്മാർ. കളി കണ്ടിരുന്ന് കയ്യടിക്കുന്നത് ജാതിമതങ്ങളിൽ മുങ്ങിപ്പോയവർ. ഗോളടിച്ചു ജയിച്ചാൽ ഭരണം കിട്ടും. കേസുകളുണ്ടെങ്കിൽ അതിൽ നിന്ന് രക്ഷപ്പെടുത്തും. പരീക്ഷ എഴുതിയില്ലെങ്കിലും പാസാക്കും. പദവിയും പത്രാസും കിട്ടും.

എന്തും സർക്കാർ ചെലവിൽ നടത്തി കൊടുക്കും. അവരുടെ മുന്നിൽ പാവങ്ങളുടെ കണ്ണീർപ്രവാഹത്തിന് എന്ത് വില? വോട്ടിനും അധികാരം നിലനിർത്താനും എന്തെല്ലാം അഭ്യാസങ്ങളാണ് നടക്കുന്നത്. സമൂഹത്തിൽ എതിർത്ത് തോൽപ്പിക്കേണ്ട എത്രയോ തിന്മകൾ, നീറുന്ന പ്രശ്നങ്ങളുണ്ട്. രാഷ്ട്രം നേരിടുന്ന സാമൂഹ്യ സാമ്പത്തിക പ്രതിസന്ധിയേക്കാൾ എല്ലാവർക്കും വലുത് രാഷ്ട്രീയ പാർട്ടികൾ നേരിടുന്ന പ്രശ്നങ്ങളാണ്. അധികാരമാണ് ഇവരുടെയെല്ലാം ഏക ലക്ഷ്യം. അതിന് ഏത് ചെകുത്താനെയും കൂട്ടുപിടിക്കും. പാവങ്ങളുടെ ദുഃഖ ദുരിതങ്ങൾ എന്തിനറിയണം? ഇത് സമൂഹത്തിന് നൽകുന്നത് അരക്ഷിതാവസ്ഥയാണ്. ഗാന്ധിജി മുതൽ പടുത്തുയർത്തിയ ജനാധിപത്യ സൗന്ദര്യ ബോധം ജാതിമതങ്ങളുടെ ഉൽപന്നങ്ങളായി മാറിയിരിക്കുന്നു. ഇതെല്ലം നിർവികാരതയോടെയാണ് വിവേകമുള്ള മനുഷ്യർ, നിഷ്പക്ഷമതികൾ, മതേതര ജനാധിപത്യവാദികൾ കാണുന്നത്.

രണ്ട് അധികാര കേന്ദ്രങ്ങൾ ഏറ്റുമുട്ടിയപ്പോൾ പാർട്ടി പത്രമായ ദേശാഭിമാനി എഴുതി 'ഗവർണറുടെ രാഷ്ട്രീയക്കളി'. ഈ പത്രം ഇങ്ങനെ പലരെപ്പറ്റിയും എഴുതാറുണ്ട്. ഗവർണർ അങ്ങനെയൊരു രാഷ്ട്രീയക്കളി നടത്തിയെങ്കിൽ ആ കളി എന്തുകൊണ്ട് നിയമസഭയിൽ കണ്ടില്ല? മുൻപ് പറഞ്ഞ ശക്തമായ വികാരം അവിടെ നിന്നപ്പോൾ ഒലിച്ചുപോയോ? അദ്ദേഹത്തെ നിയമസഭയിൽ തടഞ്ഞത് നാണക്കേടെന്ന് മുതിർന്ന ബി.ജെ.പി. അംഗം ഒ.രാജഗോപാൽ പറഞ്ഞത് നമ്മുടെ സംസ്കാരത്തിന് ചേർന്ന കാര്യമല്ല.

നയപ്രഖ്യാപനം പ്രതിപക്ഷം ബഹിഷ്ക്കരിച്ചതും ഒരു കുറ്റമായി കാണാനാകില്ല. ഏത് പാർട്ടിയായാലും ജനപിന്തുണയാണ് പ്രധാനം. പല ജനകീയ വിഷയങ്ങളിലും പാർട്ടികൾ സ്വീകരിക്കുന്ന നിഗൂഢതകൾ അവർ ബോധപൂർവ്വം മറച്ചുവെക്കുന്നു. ജനത്തിന് മുന്നിൽ നിസ്വാർത്ഥ സേവകരെന്ന് തോന്നിപ്പിക്കും വിധമാണ് നല്ലൊരു പറ്റം സാമൂഹ്യ പ്രവർത്തകരും രംഗത്തു വരുന്നത്.

സമൂഹം നേരിടുന്ന വെല്ലുവിളികളേക്കാൾ അധികാരത്തിലിരുന്ന് സമ്പത്തുണ്ടാക്കുന്ന വെല്ലുവിളിയാണ് ഇവർ ഏറ്റെടുക്കുന്നത്. അവരുണ്ടാക്കിയ സമ്പത്ത് പരിശോധിച്ചാൽ ഇവരെല്ലാം സ്വാർത്ഥന്മാരെന്ന് മനസ്സിലാകും. എത്രയോ രാഷ്ട്രീയ തൊഴിലാളികൾ മുതലാളിമാരായി വാഴുന്ന കാലമാണ്. അനാവശ്യങ്ങളായ വിവാദങ്ങൾക്ക് തിരികൊളുത്തുന്ന അടുത്ത പൊറാട്ട് നാടകം ഏത് ഗോദയിലാണ് അരങ്ങേറുക. കണ്ടതെല്ലാം പറയുന്നതിനേക്കാൾ കാണാനിരിക്കുന്ന രാഷ്ട്രീയ വ്യവസ്ഥിതി മാറ്റത്തിന് ആരാണ് മുന്നിട്ടിറങ്ങുക?

മലയാളം ന്യൂസ്
ടെലിഫോൺ: 012-2836200,
ഫാക്സ്: 012-2836256
ഇ-മെയിൽ: malnewsjed@gmail.com

അൽ മദീന പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനിയിൽ അച്ചടിച്ചത്

ഹെഡ് ക്വാർട്ടേഴ്സ്: ഒംനിയ ബിൽഡിംഗ്, മദീന റോഡ്, പോസ്റ്റ് ബോക്സ്: 13443,
ജിദ്ദ 21493. ടെലിഫോൺ: 2836200, ഫാക്സ്: 2836256. ഇ-മെയിൽ malnews@srpc.com.
റിയാദ്: ടെലി: (011)2128000-1310 (5 ലൈനുകൾ), ഫാക്സ്: (011) 4419933 എക്സ്റ്റൻഷൻ 1186,
ഇ-മെയിൽ: malriy@srpc.com
ദമാം: ടെലി: (03) 8353838-4120. ഫാക്സ്: (03) 8340489 ഇ-മെയിൽ: dammalnews@srpc.com
തിരുവനന്തപുരം ബ്യൂറോ: മലയാളം ന്യൂസ്, രണ്ടാം നില, സായ് കൃപ ബിൽഡിംഗ്,
വഴുതക്കാട്, പിൻ- 695014, ടെലി: 2326575, ഫാക്സ്: 2326764. ഇ-മെയിൽ: malnews@dataone.in

വരിസംഖ്യ: **സൗദി അറേബ്യക്ക് പുറത്ത്: അറബ് രാജ്യങ്ങളിൽ ഒരു വർഷത്തേക്ക് പോസ്റ്റൽ ചാർജ് ഉൾപ്പെടെ 507 ഡോളർ; മറ്റ് രാജ്യങ്ങളിൽ പോസ്റ്റൽ ചാർജ് ഉൾപ്പെടെ 604 ഡോളർ.**
അംഗീകൃത പരസ്യ ഏജൻസി: **അൽ-ഖലീജിയ അഡ്വർടൈസിംഗ് ആൻഡ് പബ്ലിക് റിലേഷൻസ് കമ്പനി ലിമിറ്റഡ് വിലാസം: ജിദ്ദ: പി.ബി. 14699, ജിദ്ദ 21434. ടെലി: 2511333. ഫാക്സ്: 6649740.**
റിയാദ്: ടെലി: 011-4411444. ഫാക്സ്: 011-4400996. ദമാം: ടെലി: 03-8333344, ഫാക്സ്: 8335211 യു.എ.ഇ: മീഡിയാ സിറ്റി, പി.ബി. 4740, ദുബായ്. ടെലി: (9714) 3914440 ഫാക്സ്: (9714)
സൗദി അറേബ്യയിലെ വിതരണക്കാർ: **സൗദി ഡിസ്ട്രിബ്യൂഷൻ കമ്പനി ഹെഡ് ഓഫീസ്: റിയാദ്, ഹായ് അൽ മുഅ്തമറാത്, മക്കാ ഖുറൈശ് റോഡ്, പി.ഒ. ബോക്സ് 62116, റിയാദ് 11585,**
ഫോൺ 011-4419933, ഫാക്സ്: 011-2121774, സെൻട്രൽ റീജിയൺ, ഫോൺ: 011-4779444, വെസ്റ്റേൺ റീജിയൺ, ഫോൺ: 012-6530909, ഈസ്റ്റേൺ റീജിയൺ, ഫോൺ: 03-8473562,
സൗത്ത് റീജിയൺ, ഫോൺ: 07-2218693, നോർത്ത് റീജിയൺ, ഫോൺ: 06-3243070, ടോൾ ഫ്രീ നമ്പർ: 8002440076, വെബ്സൈറ്റ്: www.saudi-distribution.com, E-mail: info@saudi-distribution.com
വരിസംഖ്യക്കും വിൽപനക്കും: E-mail: orders@saudi-distribution.com യു.എ.ഇ.യിലെ വിതരണക്കാർ: **എമിറേറ്റ്സ് പ്രിന്റിംഗ്, പബ്ലിഷിംഗ് ആൻഡ് ഡിസ്ട്രിബ്യൂഷൻ കമ്പനി,**
ഹെഡ് ഓഫീസ്: ദുബായ്, ഫോൺ: 3916502, ഫാക്സ്: 3918355, അബുദാബി: ഫോൺ: 4456500, ഫാക്സ്: 4456665 കുവൈത്ത്: ദി കുവൈറ്റി ഗ്രൂപ്പ് ഫോർ പബ്ലിഷിംഗ് & ഡിസ്ട്രിബ്യൂഷൻ
കമ്പനി. ഫോൺ: 2417810, ഫാക്സ്: 2417809 ഖത്തർ: ദാർ അൽ -തകാഫാഹ്, ഫോൺ: 622188,621942, ഫാക്സ്: 621800.